(സി) ശമ്പളം ഉപേക്ഷിച്ചുകൊണ്ട് പ്രമുഖ യൂണിയനുകൾ മാനേജ്മെന്റുമായി കരാറിൽ ഏർപ്പെട്ടതിനെ തുടർന്ന് ജീവനക്കാരുടെ യൂണിയനുകളുമായിട്ടുണ്ടായ ചർച്ച കളുടെ അടിസ്ഥാനത്തിൽ ഒരു വെൽഫെയർ ഫണ്ട് രൂപീകരിച്ച് ജീവനക്കാരുടെ അത്യാവശ്യ ചെലവുകൾക്ക് ഫണ്ടിൽ നിന്ന് ധനസഹായം നൽകിത്തുടങ്ങി. കോർപ്പറേഷന്റെ സാമ്പത്തിക നില മെച്ചപ്പെട്ടതിനെ തുടർന്ന് മുടങ്ങിയ ശമ്പളം ശമ്പളമായി തന്നെ വിതരണം ചെയ്യുന്നതിനുള്ള സാധ്യതകളെക്കുറിച്ച് ആലോചിച്ച് തുടങ്ങിയിട്ടുണ്ട്. ഈ പ്രശ്നത്തിൽ മാനേജ്മെന്റും ജീവനക്കാരുടെ പ്രതിനിധികളും തമ്മിൽ ഒരു വട്ടം ചർച്ച നടന്നുകഴിഞ്ഞു.

(ഡി) ജീവനക്കാരുമായുള്ള കൂടുതൽ ചർച്ചകൾക്കും ഗവൺമെന്റ് അംഗീ കാരത്തിനും ശേഷമേ കൃത്യമായി എന്നു നൽകാൻ കഴിയുമെന്ന് പറയുവാൻ കഴിയു കയുള്ളു.

കേരള അഗ്രോ മെഷീനറി കോർപ്പറേഷൻ നിർമ്മിക്കുന്ന യന്ത്രങ്ങൾ

79 [2943] ശ്രീ. ടി. എൻ. പ്രതാപൻ:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, വർക്കല കഹാർ:
,, ടി. വി. ചന്ദ്രമോഹൻ:
,, വി. ഡി. സതീശൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ എന്തെല്ലാം വിധത്തിലുള്ള യന്ത്രങ്ങളാണ് നിർമ്മിക്കുന്നത്;

(ബി) ഇവയുടെ വിപണി എവിടെയെല്ലാമാണ്;

(സി) ഇവ കയറ്റുമതി ചെയ്യുവാനുള്ള സാധ്യത പരിഗണിച്ചിട്ടുണ്ടോ; ഈ കമ്പനിയുടെ ടേൺ ഓവർ ഇപ്പോൾ എത്രയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരള അഗ്രോ മെഷീനറി കോർപ്പറേഷൻ പവ്വർ ടില്ലർ, പവ്വർ റീപ്പർ എന്നീയന്ത്രങ്ങളാണ് നിർമ്മിക്കുന്നത്.

(ബി) ഇവയുടെ വിപണി ഇൻഡ്യയൊട്ടാകെ വ്യാപിച്ചുകിടക്കുന്നു.

(സി) കയറ്റുമതിയ്ക്കുള്ള സാധ്യത കമ്പനി അന്വേഷിച്ചുകൊണ്ടിരിക്കുന്നു. കയറ്റുമതിയ്ക്കുവേണ്ടിയുള്ള എല്ലാ അന്വേഷണങ്ങൾക്കും കൃത്യമായി മറുപടി നൽകു ന്നുണ്ട്. എന്നാൽ ചൈനീസ് ഉൽപ്പാദകരുമായി കടുത്ത മൽസരം നേരിടുകയാണ്. ശ്രീലങ്കയിൽ ഡിമാന്റ് ഉണ്ടാക്കുന്നതിനുവേണ്ടി തീവ്രമായി പരിശ്രമിക്കുന്നുണ്ട്. കമ്പനിയുടെ വാർഷിക ടേൺ ഓവർ ഏകദേശം 6811 ലക്ഷം രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly